www.malankaralibrary.com

# ശ്രീയേശുനാഥനും മഗ്ദലനാമറിയവും

(മഞ്ജരി)



(പരേതനായ പനക്കൽ ബ: കാക്കു അച്ചൻ)

പ്രസാധകൻ :-

മുട്ടിക്കൽ ജോസഫ് വൈദ്യർ, തൊയക്കാവ്

വില: 50 ന.പ

Printed at Saraswathi Press, Mullassery

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# ബ: കാക്ക അച്ചൻെറ ജീവചരിത്രസംഗ്രഹം.

**കാ-കാ-കാക്കച്ചൻ** എന്ന ഒരടിപാടിത്തുടങ്ങിയാൽ ഉടനെത്തന്നെ അതിനെത്തുടൎന്ന് പാട്ടം നമ്മുടെ പ്രദേശത്തിലുള്ള കുട്ടികൾ—ആരെപ്പററി—നമ്മുടെ ഗ്രന്ഥകൎത്താവായ ബ: കാക്കച്ചനെപ്പററിത്തന്നെ.

അദ്ദേഹം ചരിത്രപ്രസിദ്ധമായ കുന്നംകുളത്ത് ഒരു പുരാതന കുടുംബമായ പനയ്ക്കൽ തറവാട്ടിൽ ചേറ എന്നവരുടെ മകനായി 1051കൎക്കിടകം 15-ാംനു- (1873 ജൂലായ് 28-ാംനു-) കാലത്ത് 8 മണിക്ക് ഭൂജാതനായി. ധനികരായ മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടി വളൎന്ന് വന്നതോടുകൂടി അവൻെറ വിദ്യാഭ്യാസത്തിന്നായി പരിശ്രമിച്ചതിൻെറ ഫലമായി അദ്ദേഹം കുന്നംകുളം ഹൈസ്കൂളിൽ ഒരു പഴയ മെട്രിക്ക്ലാസിൽ ആകുന്നതിന്ന് ഇടവന്നു. എന്നാൽ അതിൻെറശേഷം പ്രകൃത്യാ ഭക്തനായ ബാലൻ വൈദിക പഠനത്തിന്നായി തിരുവിതാംകൂറിൽ കോട്ടയത്തേക്ക് പോകുകയും അവിടെ സിമ്മനാരിയിൽചേൎന്ന് വൈദികപഠനം ആരംഭിക്കുകയും 1901 ജൂലായ് മാസം 28-ാംനു- മാർദിവന്നിയോസ്സ് മെത്രാൻ തിരുമനസ്സിൽനിന്നും കണ്ണംകോട്ട യാക്കോബായപള്ളിയിൽ വെച്ച് വിശുദ്ധപട്ടമേററ് മാവേലിക്കര പുതിയകാവ് പള്ളിയിൽ പുത്തൻകുൎബ്ബാന അപ്പിക്കുകയുംചെയ്തു. ബാബാകക്ഷിയിലാണ് അദ്ദേഹം പട്ടം സ്വീകരിച്ചത്. എന്നിരുന്നാലും എതൃകക്ഷി മെത്രാന്മാരുടെ ആജ്ഞയനുസരിച്ച് പെരുമ്പാവൂർ മുതലായ അനവധിപള്ളികളിൽ ഭരണം നടത്തിപ്പോന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ സുഖക്കേടുനിമിത്തം തനിക്ക് പട്ടംതന്ന ആ ദിവ്യാന്നിയോസ്സ്മെത്രാൻ തിരുമനസ്സിൽനിന്ന് പള്ളികളിൽ പ്രസംഗിക്കുവാനുള്ള ഒരു പസ്സേന്തി (അധികാരപത്രം) 1928-ൽ

www.malankaralibrary.com



വാങ്ങിച്ച് അതുപ്രകാരം അനേകം പള്ളികളിൽപോയി ദിവ്യബലിയർപ്പിച്ചും പ്രസംഗിച്ചും കൊണ്ടിരുന്നു. ഒരു ദിവസം പ്രസംഗിക്കുവാനായി തന്റെ സ്വന്തനാടായ കുന്നംകുളം പഴയപള്ളിയിൽ ചെന്നപ്പോഴാം താൻവീണ്ടും ബാബാകക്ഷിയിൽച്ചേർന്നുഎന്നറിഞ്ഞു കുപിതരായ യാക്കോബായക്കാർ അദ്ദേഹത്തിനെ പള്ളിയിൽ പ്രസംഗിക്കുവാൻ അനുവദിയ്ക്കാതെ ബഹിഷ്ക്കരിക്കയാണുണ്ടായതു്. തന്റെ സ്വന്തം നാട്ടുകാരായ സഹോദരന്മാരിൽനിന്നുണ്ടായ ഈ പരുഷമായ പെരുമാററം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായത്തെ സൃഷ്ടിയ്ക്കുതന്നെ ചെയ്തു.

അന്നുതൊട്ട് കത്തഴിഞ്ഞ പുസ്തകംപോലെ പല ഭാഗങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്ന യാക്കോബായസഭയുടെ ചരിത്രത്തെക്കുറിച്ച് അദ്ദേഹം ചിന്തിക്കുവാൻ തുടങ്ങി വൈദിക മേലദ്ധ്യക്ഷന്മാർ കീഴ്‌വഴങ്ങുകയില്ലെന്നു് പറഞ്ഞു് കൂനംകുരിശിൽ ആലാത്തുകയറിട്ട് സത്യം ചെയ്തുതുടങ്ങിയ യാക്കോബായ സഭയുടെ പരമ്പരാവകാശം ഇന്നും കക്ഷിവഴക്കും വൈദിക മേലദ്ധ്യക്ഷന്മാരോടുള്ള അനുസരണക്കേടും ആയിക്കണ്ടതിൽ അദ്ദേഹം ഒട്ടുംതന്നെ അതിശയിച്ചില്ല. ക്രിസ്തുനാഥനാൽ സ്ഥാപിതമായ സഭ കത്തോലിക്കാതിരുസഭയാണെന്നു് അന്നാണ് അദ്ദേഹത്തിനു് ബോദ്ധ്യമായതു്. ഉടൻതന്നെ അദ്ദേഹം കുന്നംകുളത്തിന്നടുത്തുള്ള ചൊവ്വന്നൂർ ബഹുമാനപ്പെട്ട ഊക്കനെച്ചന്റെ പക്കൽചെന്നു് പുനരൈക്യകാര്യത്തെപ്പററി ആലോചിച്ച് 1929 ജനുവരി 25-ാംനു-അദ്ദേഹത്തെ പരേതനായ നിവദിവ്യശ്രീ: ഡോക്ടർ ഫ്രാൻസീസ് വാഴപ്പിള്ളി ബിഷപ്പ് തിരുമനസ്സിൽനിന്നു് കത്തോലിയ്ക്കാതിരുസഭയിൽച്ചേർത്തി തൃശ്ശൂർ മിസ്സത്തിലെ വൈദികനായി സ്വീകരിച്ചും അന്ത്യോക്യറീത്തനുസരിച്ച് ദിവ്യബലിയർപ്പിയ്ക്കുന്നതിനും അനുവദിയ്ക്കുകയും ചെയ്തു. പുനരൈക്യപ്രസ്ഥാനത്തിന്റെ ഉഷഃനക്ഷത്രമായിരുന്നു പനയ്ക്കൽ കാക്കച്ചൻ. അദ്ദേഹത്തിന്റെ പുനരൈക്യത്തി

www.malankaralibrary.com



നുശേഷം ഒരു കൊല്ലം കഴിഞ്ഞതോടുകൂടി മാർ ഇവാനിയോസ് മെത്രാപോലീത്താതുടങ്ങി അനവധി യാക്കോബായ വൈദികരും അൽമേനികളും കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടു എന്നുള്ളത് നമുക്കേവർക്കും അറിയാവുന്നതാണല്ലോ. ഒരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹം പുനരൈക്യപ്രസ്ഥാനത്തിൻെറ ഉദയനക്ഷത്രം തന്നെയായിരുന്നു.

നമ്മുടെ ഗ്രന്ഥകർത്താവ് എങ്ങിനെയുള്ള ആളായിരുന്നുവെന്നു നമ്മുടെ നാട്ടിലെ കുട്ടികൾ ഒരു പാട്ടായിത്തന്നെ പാടിവരുന്നതാണ്. ആദ്യം തുടങ്ങിവെച്ച ആ പാട്ട് ചുരുക്കത്തിൽ താഴെപറയും പ്രകാരമാണ്.

കാ—കാ—കാകപച്ചൻ
കു—കു—കുന്നംകുളം
ക—ക—കക്കിടകം
അഞ്ചുംപത്തും നാൾ
ഭൂ—ഭൂ—ജാതനായി
പനയ്ക്കൽ യാക്കോബച്ചൻ

നീണ്ടതാടി നരച്ച് വൃദ്ധനായ അദ്ദേഹം ചെല്ലുന്ന സ്ഥലങ്ങളിലെ പിള്ളരുമൊത്ത് ഈ പാട്ട് ആർത്തുപാടി നടക്കുന്ന കാഴ്ച നമ്മളിൽപ്പലരും കണ്ടിട്ടുണ്ടാകും. അദ്ദേഹത്തിന്ന് ശിശുതുല്യമായ ഒരു ഹൃദയമാണ് ജീവിതത്തിൻെറ എല്ലാ ദശയിലും ഉണ്ടായിരുന്നത്. നമ്മുടെ ദിവ്യരക്ഷകനെപ്പോലെ തനിയ്ക്കും കുട്ടികളോടുള്ള വാത്സല്യം അനിതരസാധാരണമായിരുന്നു. "തൻെറ കയ്യിൽ കിട്ടിയതൊക്കെ അവർക്ക് പുണ്യവാളനായ ഡോൺബോസ്കോച്ചനെപ്പോലെ വീതിച്ചുകൊടുക്കുന്നതും അവരുമായി ഉല്ലസിക്കുകയും അവർക്ക് സൻമാർഗ്ഗോപദേശങ്ങൾ കൊടുക്കുക എന്നതും അദ്ദേഹത്തിൻെറ നിഷ്കളങ്കതയുടെ ബഹിസ്ഫുരണമായിരുന്നു.

www.malankaralibrary.com



ഒരിക്കൽ അദ്ദേഹത്തിനു് ധർമ്മമായി കിട്ടിയ പത്തുരൂപയുമായി അങ്ങാടിയിലേയ്ക്കു് പുറപ്പെട്ടു. അഗതികളും അല്ലാത്തവരുമായ കുറെ കുട്ടികളും മേൽപ്പറഞ്ഞ പാട്ടുംപാടി കൂടെക്കൂടി. പല സാധനങ്ങളുംവാങ്ങിച്ചു. അവയുമായിതിരിച്ചു് സ്വവസതിയിലെത്തിയപ്പോൾ വീതിച്ചുകൊടുത്തു് അവരെയെല്ലാം സംതൃപ്തരാക്കി അവരവരുടെ വീട്ടിലേയ്ക്കു് പറഞ്ഞയച്ചു. ഇങ്ങിനെ ഒരിയ്ക്കലല്ല പല പ്രാവശ്യവും ചെയ്യാറുണ്ടു്. തന്റെ കയ്യിൽ കാശില്ലാതെ വന്നാൽ അടുത്തുള്ളവരോടും മററും കടംവാങ്ങിച്ചിട്ടും മററും കൂടിയാണു് ഇങ്ങിനെ സാധാരണ ചെയ്തിരുന്നതു്.

രണ്ടാമതായി അദ്ദേഹം നല്ല ഒരു പാട്ടുകാരനായിരുന്നു. പ്രസംഗത്തിലും അതിവപാടവമുണ്ടായിരുന്നു. ബ: കാക്കച്ചൻ പള്ളിയിൽ കുബ്ബാന ചൊല്ലുവാൻവരുന്നു എന്നു് കേട്ടാൽ സാധാരണ കുർബാന കാണാത്ത യാക്കോബായക്കാർ പള്ളിയിൽ തിങ്ങിക്കൂടും. യാക്കോബായക്കാർ പ്രാർത്ഥനകൾക്കുപയോഗിയ്ക്കുന്ന വിലപ്പെട്ട പല പുസ്തകങ്ങളും പാട്ടുകളും ഇദ്ദേഹത്താൽ വിരചിതമായിട്ടുള്ളതാണു്. ഇന്നും യാക്കോബായക്കാർ അദ്ദേഹത്തിന്റെ ആ പ്രാർത്ഥനാഗ്രന്ഥങ്ങൾ ഉപയോഗിച്ചുവരുന്നു. ഉദ്ദേശം പത്തുപതിനാറുപുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. ഇനിയും പ്രസിദ്ധീകരിയ്ക്കാവുന്ന അനവധി കയ്യെഴുത്തു് പ്രതികൾ സൂക്ഷിപ്പിലുണ്ടു്. അതിലൊന്നാണു് ഇപ്പോൾ പ്രസിദ്ധം ചെയ്യുന്ന ഈ മംഗലനമറിയവും ഈ ബുക്കു് ഉടനെ പ്രസിദ്ധീകരിക്കുവാനായി മരണശയ്യയിൽവെച്ചു് മുട്ടിക്കൽ ജോസപ്പുവൈദ്യരെ ഏല്പിച്ചതാണു്. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിനുശേഷം 26 കൊല്ലം അദ്ദേഹം ജീവിച്ചു. ഈ കൊല്ലങ്ങൾ ദാരിദ്ര്യ സഹജീവിസ്നേഹം, ധർമ്മതല്പരത, ജീവകാരുണ്യം മുതലായ പുണ്യപ്രവൃത്തികളെപ്പററി ലോകരെ പഠിപ്പിക്കുന്നതിൽ ജാഗരൂകനായി അങ്ങിങ്ങു്

www.malankaralibrary.com



സഞ്ചരിച്ച് പ്രസംഗിച്ച് കഴിച്ചുകൂട്ടി. എന്നുതന്നെയല്ല പാറന്നൂർ പ്രദേശത്തു് ഒരു അനാഥശാല തുടങ്ങിയെങ്കിലും ക്രമമായി നടത്തിക്കൊണ്ടുപോകുവാൻ സാമ്പത്തിക ശക്തിയില്ലാത്തതിനാൽ തുടന്നു് നടത്തുവാൻ സാദ്ധ്യമായില്ല. അതിന്നുശേഷം അദ്ദേഹം ബഹുമാനപ്പെട്ട ഊക്കനച്ചനൊരുമിച്ചും ആത്താട്ടുപള്ളിയിലും ആയികഴിഞ്ഞുകൂടി. അദ്ദേഹത്തിൻെറ ഉററമിത്രമായിരുന്നു, ചാഴൂർ ബ: പൌലോസച്ചൻ. രണ്ടുകൂട്ടരും അനവധി കൊല്ലങ്ങൾ ഒരുമിച്ച് താമസിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അച്ചൻെറ പക്കൽ കിടന്നു് ഞാൻ മരിയ്ക്കുമെന്നു് അദ്ദേഹം പ്രവചിയ്ക്കാറുണ്ട്. ചൊവ്വന്നൂർനിന്നു് ബഹുമാനപ്പെട്ട ചാഴൂരച്ചൻ ചിർളയം മഠത്തിലേക്കു് മാറിയപ്പോൾ അദ്ദേഹം സ്വന്തം നാട്ടിന്നടുത്ത ആത്താട്ടേക്കു് മാറിത്താമസിച്ചു. ബഹുമാനപ്പെട്ട ചാഴൂരച്ചൻ പുതുശ്ശേരിയ്ക്കു് മാറിപോയപ്പോൾ അവിടെചെന്നുകൂടി. കുറെകാലം കഴിഞ്ഞശേഷം രോഗബാധിതനായിത്തീരുകയും 1955 ആഗസ്റ്റ് മാസം 4-ാംനു ഉച്ചക്കു് 12-30നു് സ്വബോധത്തോടുകൂടി പരലോകപ്രാപ്തനായി. അന്നു് അദ്ദേഹത്തിൻെറ ജ്ഞാനസ്നാനദിനമായിരുന്നു എന്നുള്ളതും സ്മരണീയമാണ്.

മരണംവരേയും അദ്ദേഹം പരിശുദ്ധകന്യകാമറിയത്തിൻെറ മാഹാത്മ്യത്തെക്കുറിച്ച് പ്രത്യേകം പ്രസംഗിച്ചിരുന്നു. അദ്ദേഹത്തിൻെറ മൃതാവശിഷ്ടം പുതുശ്ശേരിപള്ളിയിൽ പ: മാതാവിൻെറ ആറംത്താരയുടെ മുമ്പാകെ തൃശ്ശൂർ മെത്രാൻ നീവാനീശ്രീ ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് തിരുമേനിയാൽ അനേകം വൈദികന്മാരുടേയും വിശ്വാസികളുടേയും സാന്നിദ്ധ്യത്തിൽ റീത്തനുസരിച്ചുള്ള കബറടക്കം ചെയ്യപ്പെട്ടു. പാഷാണ്ഡതയുടെ കാളരാത്രിയിൽ കുടുങ്ങിയ യാക്കോബായസഭ പുനരൈക്യമാകുന്ന അരുണോദയം കാണുന്നതിന്നുമുമ്പ് വെട്ടിത്തിളങ്ങിയ എട്ടുനാഴികപ്പൊട്ടനായ ഈ വൈദികതാരം ഭൂലോകചക്രവാളത്തിലസ്തമിച്ചാലും സ്വർഗ്ഗീയ ച

www.malankaralibrary.com



ക്രവാളത്തിൽ വേഗം പ്രത്യക്ഷപ്പെട്ടു് ഒരു പുണ്യനക്ഷത്രമായി പരിലസിയ്ക്കട്ടെ എന്നു് നമുക്കു് ദൈവത്തോടു് പ്രാൎത്ഥിയ്ക്കാം.

യാക്കോബായ വൈദികനായിരുന്ന കാലത്തു് വിവാഹബന്ധത്തിലേപ്പെട്ട അദ്ദേഹത്തിൻെറ ഭാൎയ്യയും നാലു് മക്കളും ഇന്നും ജീവിച്ചിരിപ്പുണ്ടു്. അവരാരുംതന്നെ തൻെറ ഉപദേശം സ്വീകരിച്ചു് കത്തോലിക്കാസഭയോടു് ചേരാത്തതിലുള്ള ഖേദം അദ്ദേഹത്തിൻെറ മരണകാലംവരെ നിലനിന്നിരുന്നു എന്നു് വിശേഷാൽ പറയേണ്ടതില്ലല്ലൊ. എങ്കിലും കുന്നംകുളത്തെ പുരാതന കുടുംബമായ പുലിക്കോട്ടിൽ റമ്പാനച്ചനും മററും തന്നെ അനുഗമിച്ചു് കത്തോലിക്കാസഭയോടു് പുനരൈക്യപ്പെടുകയും റീത്തനുസരിച്ചുള്ള പള്ളിയും പട്ടക്കാരും കന്യാസ്ത്രീകളും ഇന്നു് കുന്നംകുളത്തങ്ങാടിയിൽ ഉത്തരോത്തരം അഭിവൃദ്ധിപ്രാപിച്ചുവരുന്നുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവയോഗ്യമാണു്.

പുതുശ്ശേരി,
ചൂണ്ടൽ,
30—12—1955.

റവ: ഫാ. പോൾ ചാഴൂർ.

www.malankaralibrary.com

# അല്പപ്രസ്താവന.

1951ൽ ആഗസ്റ്റ്മാസം ആദ്യ ആഴ്ചയിലാണെന്നു് തോന്നുന്നു ഞാനും ഭാര്യയുംകൂടി പുതുശ്ശേരിപള്ളിക്കടുത്തുള്ള ഒരു ബന്ധുവീട്ടിൽപോകുവാൻ സംഗതിയായതു്. അവിടെച്ചെന്നു് കുറെ വിശ്രമിച്ചശേഷം അടുത്തുള്ള പുതുശ്ശേരിപ്പള്ളി സന്ദർശിക്കുവാനായി ഞാനും മററും പള്ളിഗെയ്ററ് കടന്നപ്പോൾ ഞങ്ങളുടെ അയൽവാസിയായ മുൻപ്രസ്താവിച്ച ബ: ചാഴൂരച്ചൻ പള്ളിവ്രാന്തയിൽ കുറെ ആശാരിമാരെക്കൊണ്ടു് ധൃതിയിൽ ചില മരാമത്തുകൾ നടത്തിപ്പിക്കുകയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹം ഞങ്ങളെ സ്വീകരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. "നമ്മുടെ ബ: കാക്ക അച്ചൻ പള്ളിമേടയിൽ ആസന്നമരണനായി കിടക്കുകയാണെന്നു്." അദ്ദേഹത്തിൻെറ സംസ്കാരകർമ്മാദികൾക്കു് റീത്തനുസരിച്ചു് ചില പ്രത്യേകകവറും സാമഗ്രികളും വേണ്ടതാകകൊണ്ടു് ആയതു് പണിയിക്കുവാൻ ആശാരിമാക്കു് നിർദ്ദേശം കൊടുക്കുന്ന തിരക്കിലാണ് ഞാൻ ഏർപ്പെട്ടിരിക്കുന്നതു് എന്നുപറഞ്ഞു. ഉടനെ ഞങ്ങൾ രോഗശയ്യാവലംബിയായ ബ: കാക്കഅച്ചൻെറ സന്നിധാനത്തിലേക്കു് ചെന്നപ്പോൾ അദ്ദേഹം രോഗക്ഷീണംകൊണ്ടും മററും കട്ടിലിൽ ഒരു ഭാഗം ചരിഞ്ഞുകൊണ്ടു് ഉറങ്ങുകയായിരുന്നു. കുറെസമയം കഴിഞ്ഞു് ഉറക്കമുണർന്നു് തിരിഞ്ഞുനോക്കിയപ്പോൾ ഞങ്ങളെ കണ്ടുവെങ്കിലും കുറെനേരം ആലോചിച്ചതിനുശേഷം മുട്ടിക്കൽ വൈദ്യരും ഭാര്യ തങ്കമ്മയുമല്ലെ ഈ നില്ക്കുന്നതു് എന്നു് പറഞ്ഞു് അടുത്തുള്ള പരിചാരകന്മാരെ വിളിച്ചു് ഞങ്ങൾക്കു് ഇരിപ്പാൻ ഏർപ്പാടു് ചെയ്തുകൊണ്ടു് ഇങ്ങിനെ പറയുവാൻ തുടങ്ങി." എത്രകാലമായി ഞാൻ വൈദ്യരുടെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. മുമ്പു് രണ്ടു് മൂന്നുപ്രാവശ്യം വൈദ്യരെ അന്വേഷിച്ചു് തൊയക്കാവിലെ വീട്ടിൽ വന്നപ്പോഴൊന്നും വൈദ്യരെ കണ്ടുമുട്ടുവാൻ കഴിഞ്ഞില്ല. എങ്കിലും എൻെറ നാട്ടുകാരിയും കുന്ദംകുളത്തെ പുരാതന പ്രസിദ്ധ വൈദ്യകുടുംബമായ കിഴക്കൂട്ടു് തറവാട്ടിലെ ഒരു വൈദ്യരുടെ മകളുമായ തങ്കമ്മയും ഭർത്താവായ മുട്ടി

www.malankaralibrary.com



ള്ളൽ വൈദ്യരേയും ഈ അവസാനസമയത്തെങ്കിലും കണ്ടു് സംസാരിക്കുവാൻ ഇടവന്നതിൽ എനിക്കു് വളരെ സമാധാനമുണ്ടായിരിക്കുന്നു. എന്നുതന്നെയല്ല പ്രിയ വൈദ്യരെ എൻെറ ഈ കയ്യെഴുത്തു് കോപ്പികളെല്ലാം ഉടനെ അച്ചടിച്ചു് പ്രസിദ്ധീകരിക്കണം. ആദ്യമായി മംഗലനാമറിയം എന്ന ബുക്കു് പ്രസിദ്ധീകരിക്കുക. ശേഷം ബുക്കുകൾ വൈദ്യരുടെ സൌകര്യം പോലെയും പ്രസിദ്ധീകരിക്കുന്നതു് നന്നായിരിക്കും. ഇതൊന്നും എൻെറ ജീവിതകാലത്തു് പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല എന്നും പറഞ്ഞു് ബ: ചാഴൂരച്ചനെ വിളിച്ചു് മേററുകളെല്ലാം കൊണ്ടുവരുവാൻ പറഞ്ഞപ്രകാരം അദ്ദേഹം കൊണ്ടുവരികയും അതെല്ലാം വാങ്ങി എന്നെ അച്ചടിക്കുവാൻവേണ്ടി ഏല്പിക്കുകയും ചെയ്തു. സാധാരണ ഞാൻ അദ്ദേഹത്തിന്നു് കൊടുക്കാറുള്ളപോലെ ധർമ്മത്തിനുവേണ്ടി ചുരുങ്ങിയ ഒരു സംഖ്യയും ഈ അവസാനനേരത്തും കൊടുക്കുവാൻ സാധിച്ചതിലും അദ്ദേഹത്തിൻെറ അനുഗ്രഹാശിസ്സുകൾ സ്വീകരിക്കുവാൻ സാധിച്ചതിലും ഞങ്ങൾ കൃതാർത്ഥരായിതീർന്നിരിക്കയാണു്. അതുപ്രകാരം ആദ്യമായി ഈ ബുക്കു് അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്നതുമാണു്. ഈ കയ്യെഴുത്തുപ്രതി ഒന്നു് പരിശോധിച്ചു് അല്ലാല്ലും ചില തെററുകളുണ്ടായിരുന്നതെല്ലാം തിർത്തുതരുന്നതിന്നു് സന്മനസ്സുണ്ടായ എങ്ങണ്ടിയൂർ വിദ്വാൻ ശ്രീ: എ. ടി. ദേവസ്സി അവർകളോടും ജീവചരിത്രസംഗ്രഹം എഴുതിതന്ന ബ: ചാഴൂരച്ചനോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ടു് ഈ അല്പപ്രസ്താവന അവസാനിപ്പിക്കുന്നു.

തൊയക്കാവു്,
10—4—1962.

എന്നു്,
മുട്ടിക്കൽ ജോസഫ് വൈദ്യർ.

---

N. B. ഈബുക്കു് വില്പനയിലുണ്ടാകുന്ന ആദായം ധാർമ്മികകാര്യങ്ങൾക്കായി ചിലവഴിക്കുന്നതാണു്.

www.malankaralibrary.com

# ശ്രീയേശുനാഥനും മംഗലനാമറിയവും.

(മഞ്ജരി.)

## I

## പ്രാരംഭം.

ആദിത്യചന്ദ്രാദിമണ്ഡലസഞ്ചയ
മാദിയിൽ സൃഷ്ടിച്ച സർവ്വശക്തൻ.
ആദിമ താതനു മാദിമ മാതാവു-
"മാദം-ഹവ്വ" യെന്നീ നാമമാന്നോർ
മേദിനീ മദ്ധ്യത്തിൽ നിർമ്മിച്ച പൂങ്കാവാ-
"മേദനി"ൽ സൌഭാഗ്യവാസമേകി;
"ആദിപിതാക്കളെ"ന്നാപ്പറുദീസയിൽ
മേളരാനന്ദവായ്പാസ്പദിക്കെ
* ശാത്രവഭൂപതി 'ഹവ്വാ'മ്മയോടന്നു
സൂത്രത്തിൽ മന്ത്രിച്ച വാക്കുകേട്ടു
പാവനശീലരന്ന്[I]ക്കനി ഭക്ഷിച്ചു
ദൈവാജ്ഞ ലംഘിച്ച കാരണത്താൽ.
ഈശൻതൻശാപാഗ്നിയേററരിഞ്ഞീ ലോകം
നാശത്തിൻ ഗർത്തത്തിലാണ്ടുപോയി.

---

* സർപ്പപിശാച്   [I] അക്കനി = വിലക്കപ്പെട്ട ഫലം.

www.malankaralibrary.com



ഭൂരിസൌഭാഗ്യങ്ങൾ തിങ്ങുമിപ്പാരിട-
മോരോവിപത്തിനും കൂത്തരങ്ങായ്.

നന്മകൾ മങ്ങിയും തിന്മകൾ തിങ്ങിയും
സന്മതികെട്ടുമിരുണ്ടു ലോകം.

നാകസമാനമിരുന്നൊരിപ്പാരിടം
ശോകസമുദ്രത്തിലങ്ങാണ്ടുപോയി.

## II
## ശ്രീയേശുവിൻെറ തിരുവവതാരം.

ലോകമിമ്മട്ടിൽ ഹാ! നാശഗത്തത്തിലേ-
യ്ക്കാകുലഭാവമാന്നാ പതിയ്ക്കേ;

കാരുണ്യപീയൂഷ വാരിധി ലോകൈക-
കാരണനീശൻ, തൻ കാരുണ്യത്താൽ

പാരം വഴിപിഴച്ചോരോ ദുർമ്മാർഗ്ഗത്തിൽ
ക്രൂരരായ് കാലൂന്നും മർത്ത്യരേയും,

നീതിമാർഗ്ഗത്തിൽ ചരിക്കുവാനാത്മീയ-
ബോധമില്ലാത്തോരാമജ്ഞരേയും.

ധർമ്മവിലോപികളായോരേയും നല്ല
കർമ്മങ്ങൾ ചെയ്യാത്ത മൂഢരേയും.

സൌമ്യമായിപ്പരിപാലനം ചെയ്യാനി-
ഭൂമൌ ജനിക്കുവാൻ ചിത്തമായി.

www.malankaralibrary.com



പാരിലിമ്മട്ടില ധർമ്മങ്ങൾ വായ്മുതു
പാരാതെ നീക്കുവാൻ നിശ്ചയിച്ചു.

അന്നു "ഗലീലയിൽ" നവ്യപരിഷ്ക്കാര-
മൊന്നുമെത്താത്തൊരാ "നസ്രത്തിങ്കൽ

പേരെഴു "മിസ്രായേൽ ഗോത്രജ"രേവരും
പാരം സുഖിച്ചു വസിച്ചിരുന്നാൾ

അന്നാസുഗോത്രത്തിലുത്തമശീലയാം
ഹന്നാത്മജാമേരി കന്ന്യകയായ്

നിത്യമുൾപ്പൂവിനാലപ്പിച്ചുമേവിനാൾ
സത്യസ്വരൂപൻതൻ പാദപത്മം.

അച്ചാരുരൂപിണി കന്യകയായ് വാഴ്‌വാൻ
നിശ്ചയിച്ചീടിനാൾ ജീവിതാന്തം.

ദാവീദുവംശജൻ "ജോസപ്പാ"ക്കന്യയെ
പാവനപ്രേമത്താൽ വേട്ടമോദാൽ

ധന്യയായീടുമക്കന്യക പിന്നെയും
ഖിന്നയായ് തന്നെ വസിച്ചീടുമ്പോൾ

കർത്താവിൻ ദൂതനൊരുത്തനത്തന്വിത-
ന്നുൾത്താപം മാററിനാൻ സാന്ത്വനത്താൽ

അക്കാലമീശനസ്സ്വർഗ്ഗലോകത്തിലെ
സൽക്കാരത്തിൻച്ചമൽക്കാരവും

മാലാഖമാരുടെ സ്തോത്രഗാനങ്ങൾത-
ന്നാലാപഗീതത്തിൻ മാധുരിയും.

www.malankaralibrary.com



ദേവസൈന്യങ്ങളും തൻമോദം വളർത്തുന്ന
പാവനഗാനത്തിൻ ഭക്തിവായ്പും

അമ്പിലസ്സ്വർഗ്ഗീയ സൈന്യങ്ങളത്തിരു-
മുമ്പിൽ നടത്തുന്ന പൂജകളും

എല്ലാമുപേക്ഷിച്ചിക്കന്യതൻ ഗർഭത്തി-
ലുല്ലാസമാർന്ന് പ്രവേശിച്ചഹോ!!

മേരിയന്നക്കന്നെയുള്ളിൽ ധരിച്ചോളി-
യേറുമുഷസ്സുപോലുല്ലസിച്ചാളും!

കന്യകമാർമണിയന്നോളമാർജ്ജിച്ച
പുണ്യങ്ങളും തൻഫലമെന്നപോലെ.

ഗർഭത്തിലീശനും തൻമെയ്യിൻ ശോഭയും
നാളുകനാളേറും വളർന്നു വന്നു.

പാവനശീലതൻ ജീവിതമേതേവൻ!
ഭാവുകം വായ്ക്കും വിളനിലമായ്.

ഹന്ത! ധരണിയിലീശൻ നിനയ്ക്കുകി
ലെന്തുമേവർക്കും സുലഭലഭ്യം.

കോമളശീലരദ്ദമ്പതിമാരന്നു
റോമാധിനാഥൻ തൻ കല്പനയാൽ

ദാവീദുതൻ ജന്മഭൂമിയായ് മിന്നിയ
ഭവ്യമെഴും ബെത്ലേം പട്ടണത്തിൽ

ജന്മ മരണക്കണക്കു സമർപ്പിപ്പാൻ
സന്മനസ്സോടെ നടന്നു പോയാർ.

www.malankaralibrary.com



ഗർഭിണിയാം മേരി കാന്തനോടൊത്തങ്ങു
നിർഭയമെത്തിയ വേളയിങ്കൽ

താമസിപ്പാനിടമൊന്നുമേ കിട്ടാതെ
ഭഗ്നാശരായ്ത്തീർന്നു കഷ്ടം! കഷ്ടം!!

അങ്ങൊരു ഗോശാലതന്നിലവരിരുവർ
തിങ്ങുമാരാത്രിയിൽ വിശ്രമിച്ചാർ

മാലോകരെന്നല്ലയന്നാപ്രകൃതിയും
ചേലിൽസ്സമാധാനമാർന്ന പോലെ

ശാന്തമായ് പാരിടം ചെററുമനങ്ങാതെ
താന്തരായെല്ലാരും നിദ്രചെയ്താർ,

മല്ലികാമാലതീയാദിയാം വല്ലരീ
തല്ലജം തൂകുമ്മരന്ദഗന്ധം.

എല്ലായിടത്തും പരത്തുമത്തെന്നൽ
ലല്ലിനെ മന്ദം തഴുകിടുമ്പോൾ

പച്ചിലക്കാട്ടിലെ പിച്ചകപ്പൂക്കൾപോൽ
നിശ്ചലതാരങ്ങളങ്ങുമിങ്ങും.

നീലവിഹായസ്സിൽ മിന്നിത്തിളങ്ങിനാൻ
മാലഖമാർതൻ മിഴികൾ പോലെ

അന്നന്ധ്വിസമ്പരിരുപത്തിയഞ്ചാകു-
മുന്നിദ്രഹർഷം വളത്തും നാളിൽ

ജ്യോതിസ്സ്വരൂപനാമീശനിരുട്ടേഴും
ചാതിരാനേരത്തൊരക്കനെപ്പോൽ

www.malankaralibrary.com



വന്നുദിച്ചീടിനാൻ പാപശിഖരമാം
മന്നിലുണർവ്വാക്കമേകുവാനായ്!

കാലികൾ മേയുമശ്ശാലയിൽ ലോകൈക-
പാലകനീശൻ ഭൂജാതനായി

കല്ലിലും പുല്ലിലുമെല്ലാമൊരു പോലെ
യല്ലോകനിവത സ്സ്വച്ഛശക്തൻ

താഴ്ചയിൽ നിന്നു താൻ പൊങ്ങിപ്പറക്കുന്നു
മേന്മതൻസ്സാമ്രാജ്യച്ചെങ്കൊടികൾ

നേരിൽ വിനയത്തെപ്പൂച്ചിക്കും ലോകമേ!
ക്രൂരതവിട്ടിങ്ങു കൈവണങ്ങു.

നിർല്ലേപനീശൻ പിറന്ന സമയത്തു
സ്വർല്ലോകഗാനം മുഴങ്ങികേൾക്കായ്

പെട്ടെന്നഗ്ഗാനത്തിൻ മാറ്റൊലിയങ്ങെഴു
മാട്ടിടയന്മാരെത്തൊട്ടുണർത്തി.

അന്നവർമൂലമീവാർത്തകളെമ്പാടു-
മൊന്നൊന്നായ് വേഗം പരന്നു പാരിൽ.

കാലോചിതങ്ങളാംബാലോപചാരത്താൽ
ഭൂലോകനാഥനാം ബാലനേയും.

ഛേദനം ശുദ്ധിയന്നാമകരണമി-
ത്യാദിയാലാചാരനീതിയേയും,

പാലനം ചെയ്തവർ തൻനാട്ടിലെത്തിയാ
ബാലനാം യേശുവേ നോക്കി വാണാർ;

www.malankaralibrary.com



## III

ഈശനാം യേശുവും ലോകത്തിൻ ഭാഗ്യവു-
മാശ്രുവളന്നൊളി വീശി വീശി.

കാണികൾക്കാനന്ദ മേററമരുളിനാൻ
ചേണററവാർതിങ്കളെന്ന പോലെ.

ദിവ്യാവതാരം കുറിക്കുമാറാവാനിലെ
നവ്യതാരത്തിൻ പ്രചോദനത്താൽ

വിസ്തൃതമാകുമിപ്പാരിലന്നീശനെ
ശാസ്ത്രികൾ തേടി നടന്നകാലം

കത്താവിൻ ശൈശവരൂപം കണ്ടെന്നുള്ള
വാത്തയന്നാട്ടിൽ പരന്നമൂലം.

അന്നാട്ടിനീശനായിട്ടും ഹേറോദേസ്സ-
കന്ന്യാതനൂജനെ കൊല്ലാനോത്തു

രണ്ടുവയസ്സെഴും പിഞ്ചുകിടാങ്ങളെ
കണ്ടുപിടിച്ചൊക്കെ സംഹരിപ്പാൻ.

പാരമസൂയയാൽ കല്പന നൽകിനാൻ
ഘോരം താൻ സ്വാത്ഥമേ! നിൻ വിലാസം!

മാമലർ ത്തോപ്പിലെ ത്തൂമലർ ചിന്നുന്ന
കോമളവല്ലരിയെന്ന പോലെ

പൊന്നോമൽ പൈതലെ മാറിലണച്ചന്നു
കന്യകാമേരി സമുല്ലസിക്കേ.

അന്നൃപകല്പനയാമിടിവാളതിൽ
ചെന്നുപതിയ്ക്കുന്നതിന്നു മുമ്പായ്

www.malankaralibrary.com



ദൈവദൂതനന്നാജോസെഫോടോതിനാൻ
"പാവനശീലരേ! നിങ്ങളിപ്പോഠം.
നഷ്ടമാംസ്ഥാനമാനങ്ങളെന്നോർത്തി-
രുഷ്ടനായിട്ടും ഹേറോദേസിൻെറ.
കല്പനയാലെ വിപത്തുണ്ടാമായതിൻ-
മുല്പാടിവിടം വെടിഞ്ഞിടേണം."
അന്നവരേവരുമസ്ഥലം വിട്ടടൻ
ചെന്നണഞ്ഞിടിനാരീജിപ്തതിൽ.
ക്ഷാമാദിപീഡിതക്കാശ്രയമസ്ഥല
മാമോദമേററിനാനന്നവക്കായ്.
പില്പാടവരോരൊ വേലകഠം ചെയ്തങ്ങു
ശില്പികളൊത്തു സുഖിച്ചുവാണു.
മേലിലുയരാനിരിപ്പവക്കാപത്തു
കാലാന്തരൂപം ഭവിച്ചെന്നാലും
ആയതിൽ നിന്നെല്ലാം മോചനം നല്കുന്ന-
തീയുലകത്തിൻ സ്വഭാവമല്ലൊ.
ഈശകാരുണ്യം ലഭിച്ചവക്കെന്താനും
ക്ലേശങ്ങളെല്ലമോ പാരിടത്തിൽ!
ഒട്ടനാളങ്ങു കഴിഞ്ഞവരസ്ഥലം.
വിട്ടടൻ നസ്രേത്തിലെത്തിമോദാൽ
ശീലസിച്ചീടും തൻ നാട്ടിലണഞ്ഞു കൈ-
വേലകഠം ചെയ്തു ദിനം കഴിച്ചു.

www.malankaralibrary.com



നന്ദനലീലകൾ കണ്ടു കണ്ടാനന്ദ
സിന്ധുവിലാറാട്ടുമല്ലിതാക്കൾ
കാലോചിതങ്ങളാം വേലകൾ ചെയ്തുകൊ-
ണ്ടാലസ്യമററ വസിച്ചു നീണാൾ
അക്കൊച്ചു യേശുവിൻ തങ്കപ്പൂമേനിയൊ-
ത്തുൽകൃഷ്ട ചൈതന്യമാർന്നമട്ടിൽ
തന്മതിയംഗങ്ങളെന്നിവ യൊന്നിച്ചു
നന്മകളാന്നു വളന്നു വന്നു!
സ്നേഹസമത്വ സത്യാദി ഗുണങ്ങൾ തൻ
മോഹനരൂപമീബ്ബാലകൻെറ.
ചാരുസ്വഭാവത്തിൻ വെണ്മയിലൊന്നെല്ലാം
പാരം നിഴലിച്ചു കണ്ടിരുന്നു!
വിത്തിൻ മുളയിലറിയാമതിന്നുമേ-
ലെത്തും വിളവിൻ ഗുണങ്ങളെല്ലാം.
ഈശകാരുണ്യം വഴിഞ്ഞു വിളങ്ങുമാ-
യേശുവിൻ മാഹാത്മ്യമാരറിഞ്ഞു!
ചൊല്ലെഴു മായവക്കുള്ള സൌഭാഗ്യങ്ങ-
ളെല്ലാം നിശ്ശുദ്ധങ്ങളായിരുന്നു.
ഈരാർ വയസ്സിലന്നീശനാം യേശുവാ-
"ജെറുസലേം" ദേവമന്ദിരത്തിൽ
കൊണ്ടാടുമ'പ്പെസ്സഹോത്സവം' കാണ്മാനായ്-
ക്കൊണ്ടുതൻ കൂട്ടുകാരൊത്തു പോയാൻ.

www.malankaralibrary.com



പണ്ഡിതമണ്ഡലം കൊണ്ടാടിടും ശാസ്ത്ര-
മണ്ഡപത്തിങ്കലിരുന്നു നന്നായ്,

വേദസാരങ്ങളിൽ വാദം മുഴക്കുന്ന
വൈദികവര്യരാം ശാസ്ത്രികളെ,

അമ്പരപ്പിക്കുമാച്ചോദ്യോത്തരങ്ങളാൽ
സമ്പൂജ്യനേശു സമുല്ലസിച്ചാൻ.

തച്ചപണിക്കാരൻ കൊച്ചുകുമാരകൻ
മെച്ചമിമ്മട്ടിലുയരും കാൺകെ.

ആശ്ചര്യമാർന്നവരേററം പുകഴ്ത്തിനാൻ
വിശ്വവിധാതാവിൻ വൈഭവത്തെ.

അത്ഭുതരൂപനാമീശൻ നിശ്ശബ്ദമായ്
മുപ്പതുവത്സരമീവിധത്തിൽ.

സാധാരണോചിതം ഭൗതിക ജീവിതം
ജാതാനുമോദം നയിച്ചശേഷം.

നാനാവിധോൽക്കർഷഹേതുവായീടുമാ-
ജ്ഞാനസ്നാനം യോഹന്നാനേകിനാൻ!

## IV

ഈശനരുളിയ ദിവ്യസന്ദേശങ്ങ
ളാശു ജനതയ്ക്കരുളുവാനായ്.

ശുദ്ധമാമാത്മചൈതന്യമാവിഷ്കരി-
ച്ചീടുവാൻ യേശുവങ്ങൊരുങ്ങുകയായ്.

www.malankaralibrary.com



ഉത്തമദ്ധ്യാനത്തിനൊത്ത സങ്കേതമാ-
മുത്തുംഗമാമല തന്മുകളിൽ.

നാല്പതുനാളുപവാസമനുഷ്ടിച്ച
കെല്പോടുവൻതപസ്സാചരിച്ചാൻ.

മത്തനായ്ത്തന്നെ പരീക്ഷിച്ചെത്തുത്തൊരാ
സാത്താനെസ്സത്വരം വെന്നശേഷം.

സൽപ്പുമാനദ്ദിവ്യ ചൈതന്യമാർന്നുകൊ-
ണ്ടത്ഭുതകർമ്മങ്ങളൊന്നൊന്നായി

കാണിച്ചു ശിഷ്യഗണങ്ങളെയാജ്ജിച്ച
വാണിതു ക്രിസ്തുവാം ദൈവപുത്രൻ!

സമ്മോദമേറവുമാറേവക്കും കേൾപ്പാനാ-
യമ്മാമലതൻ മുകളിലേറി.

വേദസ്വരൂപനാമീശൻ സുവിശേഷ-
വേദതത്വങ്ങളിമ്മട്ടരുളി.

## പർവ്വതപ്രസംഗച്ചുരുക്കം

അല്ലും പകലുമലഞ്ഞുതൻ ജീവിത-
മല്ലലിൽ കല്ലോല മാലകളിൽ.

നിത്യമാഴ്ത്തീടുമെൻ മർത്ത്യരെ! നിങ്ങളെൻ
സത്യപ്രബോധനം കേട്ടുകൊൾവിൻ!

ആത്മാവിൽ സാധുക്കൾകണ്ടാമനുഗ്രഹ-
മായവർ സ്വർഗ്ഗത്തിന്നർഹരല്ലോ;

www.malankaralibrary.com



ശാന്തരും താന്തരും നീതിമാന്മാരുമി-
ങ്ങേതുമനുഗ്രഹാൽ നിത്യതൃപ്തി.

കാരുണ്യമുള്ളവക്കീശൻ തൻകാരുണ്യ-
പൂരത്തിലാറാടാമെന്നു മെന്നും!

ശുദ്ധമാം ഹൃത്തടത്തിങ്കലുദിയ്ക്കുന്നു
സിദ്ധനാമീശൻ തൻ ദിവ്യരൂപം!

നീതിക്കായ് പീഡകളേററു സഹിച്ചവർ-
പ്രീതരായ് സ്വർഗ്ഗത്തിലുല്ലസിക്കും.

നിങ്ങളിൽ മങ്ങിക്കിടന്നീടുമാത്മാവിൽ-
മംഗളദീപം പ്രകാശിപ്പിപ്പിൻ!

കള്ളങ്ങളോതിയും വഞ്ചതിചെയ്തുമേ-
ളള്ളകറം കാട്ടിയഹങ്കരിച്ചും.

ജീവിതയന്ത്രം നയിച്ചീടുമാത്മാവിൽ
പാപത്തിൻ പാഴ്ചളിയേററരുതേ,

ദുർമ്മോഹക്കണ്ണാൽ മഹിളയെ നോക്കില്ല-
മമ്മഹാപാപം വ്യഭിചാരമാം.

നിൻകൺ, ചെവികൈകാലുകളെന്നിവ,
വൻപിഴ വല്ലതും ചെയ്തുവെന്നാൽ

തെററിന്നു മാർഗ്ഗമാകാതായവയോരോന്നും
വെട്ടിക്കളയണമല്ലയെങ്കിൽ.

ദുർമ്മനോ വൃത്തിയ്ക്കു കൂട്ടുകാരായവ-
യാത്മാവെപ്പാപത്തിലാഴ്ത്തുമല്ലോ!

www.malankaralibrary.com



കാണികൾക്കാത്മവിശ്വാസം വരുത്തുവാ-
നാനയിച്ചീടരുതൊന്നു കൊണ്ടും.

തിന്മചെയ്യോരോടെതൃക്കരുതാത്മാവിൻ-
നന്മയ്ക്കായെന്തും സഹിച്ചുകൊൾവിൻ.

നിങ്ങൾ വിധിയ്ക്കപ്പെടാതിരുന്നീടുവാൻ
നിങ്ങളാരേയും വിധിയ്ക്കരുതേ!

മോഹമററാരിലും സ്വന്തമെന്നോർത്തുള്ളിൽ
സ്നേഹം പുലർത്തണം നിഷ്കപടം

ശത്രുക്കളാകിലുമായവരെ സ്വന്തം-
മിത്രത്തേക്കാളേററം സ്നേഹിക്കണം:

സ്നേഹമൊന്നാണിജ്ജഗത്തിൽ നിലനില്പിൻ
മോഹനരൂപമാമക്ഷയബന്ധം.

പാവനസ്നേഹത്തിൻ പാൽക്കുഴമ്പെപ്പോഴും
ഭാവമഭാവത്തിൽ നിന്നുയിപ്പൂ.

ഹിംസിയ്ക്കരുതൊരു ജീവിയേയും നിങ്ങൾ
ഹിംസ, വൻപാപത്തിൻ ഹേതുവത്രേ.

ധർമ്മവും കർമ്മവും പ്രാർത്ഥനപോലുമേ
നിർമ്മായം ശുദ്ധമായ് ചെയ്തിടേണം.

ഭൂവിൽനിധികളെ നിക്ഷേപിച്ചീടാതെ
ദ്യോവിലനശ്വരമാക്കി വെപ്പിൻ!

എന്തുഭുജിക്കും കുടിക്കും ധരിയ്ക്കുമെ-
ന്നോന്തരുളൾത്തട്ടിൽ ചിന്തയൊന്നും

www.malankaralibrary.com



അന്യദോഷങ്ങളെ കീർത്തിയ്ക്കരുതതി-
ധന്യം പരിശുദ്ധിയാന്നിടേണം.

ചോദിപ്പിനേകിടു-മന്വേഷിച്ചീടുകി-
ലേതൊന്നും കണ്ടെത്തും നിങ്ങളെങ്ങും.

മുട്ടുവിൻ വാതിൽ തുറക്കപ്പെട്ടും ബുദ്ധി
മുട്ടൊന്നും നിങ്ങൾക്കുണ്ടാകയില്ല.

കാപട്യമില്ലാതപേക്ഷിയ്ക്കും മക്കളെ
യാപത്തിലാഴ്ത്തുമോ സർവ്വശക്തൻ?

അന്യരിൽനിന്നെന്തുകാംക്ഷിപ്പു നിങ്ങള-
തന്യർക്കായ് ചെയ്യുവിനാദ്യംതന്നെ

കള്ളമെഴും ദീർഘദർശികൾ നിങ്ങൾ ത-
ന്നുള്ളം കലക്കാതെ നോക്കീടേണം.

നല്ലമരങ്ങളിലല്ലോ വിളയുന്നി-
തുല്ലാസമേററീടും സൽഫലങ്ങൾ!

കല്ലിൽപടുത്തൊരു മാളികയാണെൻെറ
ചൊല്ലിലുറച്ചുള്ള ജീവിതങ്ങൾ!

ആകയാലേവരും കർത്താവിൻ തൃപ്പാദ-
മാകലമന്യേ ഭജിച്ചീടുവിൻ!

യേശുവിൻ തത്വോപദേശങ്ങളീമട്ട-
ന്നാശു കേട്ടേവരും വിസ്മയിച്ചു.

അങ്ങുനിന്നേവരുമൊന്നിച്ചു പോന്നീശൻ
തിങ്ങുമാനന്ദത്താൽ വാഴുകയായ്.

www.malankaralibrary.com



## V

## അത്ഭുതപ്രവർത്തനങ്ങൾ.

ഒട്ടുനാൾകളിൽ തളർവാത പീഡയാൽ
കഷ്ടതയാർന്നൊരു പാതകിയേ

കട്ടിലിൽ വെച്ചു ചുമന്നുകൊണ്ടു ചിലർ
വീട്ടിന്നകത്തു കടത്തിയാറെ

ഒട്ടുമേ വൈകാതെ കല്പിച്ചവനോട്
കട്ടിലെടുത്തു നടന്നുപോകാൻ

തല്പമെടുത്തുഗമിക്കുമാ രോഗിയേ
യപ്പുരുഷാരങ്ങൾ കണ്ടനേരം.

അല്പമല്ലാതവർ കീർത്തിച്ചുചൊല്ലിനാ-
രിപ്പുരുഷൻ മഹാ ദീർഘദർശി!

അത്ഭുതങ്ങൾ ചെയ്വാൻ ദൈവമവനോട്
കല്പിച്ച പോലിതാ ചെയ്തിടുന്നു.

ആദിത്യനംബര വേദിയിൽ നിന്നെങ്ങൊ
ജാതാനുരാഗം മറഞ്ഞുപോകെ.

ആതുരസംരക്ഷണോദ്യുക്തനാകുമാ
മേദുരകാരുണ്യ വാരിരാശി

ദിവ്യത പൂണ്ടതൻ ശക്തിയാലേവർക്കും
ഭവ്യങ്ങളേകി വസിച്ചിടുമ്പോൾ

മൂകരുമന്ധരും ബാധവിവശരാ-
മാതുരന്മാരുമത്തൃപ്പാദത്തിൽ.

www.malankaralibrary.com



വന്നുവണങ്ങി; സുഖപ്പെടുത്തീടിനാ–
നന്നാനാഥനാത്മമോദമെല്ലാം!

കുഷ്ഠരോഗം ക്ഷയം, പക്ഷവാതം–മററാ,
രിഷ്ടമായാം സന്നിപാതം ജ്വരം

ദൃഷ്ടിശൂന്യം ശോഷം കാസംമഹോദരം
കഷ്ടതയേറും ചുഴലിദീനം.

രക്തവാച്ച്യ, പിത്തകാമിലാസംഭ്രമം,
ഭൂതബാധ, മററുപദ്രവങ്ങൾ!

ചന്ദ്രരോഗം, ക്ഷുന്നു, കാൽമുടന്തെന്നേവം
മാനുഷരിൽ കാണും രോഗമെല്ലാം.

അക്കാലമാജ്ഞാബലംകൊണ്ടു മേരിജൻ
തൃക്കനിവാൻ പൊറുപ്പിച്ചെങ്ങും;

സഞ്ചരിച്ചീടിനാനന്ത സംരക്ഷകൻ
സഞ്ചിതപുണ്യ സ്വരൂപനായി!

www.malankaralibrary.com

(രണ്ടാംഭാഗം)

# VI

## കപ്പർണ്ണാഹോം പ്രവേശനം.

അക്കാലം ദാവീദു സൂനുവിൻ തൃപ്പാദ
മക്കരെക്കപ്പർണ്ണാ ഹോമിലെത്തി.

മുക്കുവരാദിയാം ശരാത്രവ വൃന്ദവും
ദിക്കുകാരേവരുമങ്ങണഞ്ഞു.

അക്കരെനിന്നങ്ങു വന്നവരൊക്കയും
തൃക്കഴൽ കൂപ്പുവാനോടിയെത്തി

മേരിജൻ തന്മുഖ പങ്കജം കാണ്മതി-
ന്നേറുമൽക്കണ്ഠയാൽ നോക്കിനില്പായ്.

ശാസ്ത്രവാദങ്ങളാൽ ദേവനോടേറവുള്ള
ശാസ്ത്രികൾ തോറെറങ്ങോ പോയൊളിച്ചു

വ്യാഘ്രത്തിൻ ശബ്ദത്തെ കേൾക്കുമ്പോൾ
മാൻകൂട്ടം
ശീഘ്രത്തിലോടിയൊളിക്കും പോലെ.

# VII
## മഗ്ദലേനാ മേരി.

അത്തെരുവീഥിയിൽ പാർത്തുവരും മേരി-
മഗ്ദലേനാഖ്യയാം വാരനാരി

ക്രിസ്തുവിൻ തൃപ്പാദം സ്പർശിപ്പാനമവൾ-
ക്കെത്തിയ ദോഷങ്ങൾ തീർക്കുവാനും.

ചിത്തത്തിലോർത്തവൾ ധ്യാനിച്ചിരിക്കവേ
കർത്താവണഞ്ഞെത്തിയ വാർത്തകേട്ടു.

വാടിയ വല്ലിയിൽ തൂമഴയേറ്റപോ-
ലാടലറ്റത്തന്വിയുല്ലസിച്ചു.

പാപകർമ്മങ്ങളാൽ പാതാളക്കുണ്ടിലേ-
യ്ക്കാപതിച്ചുള്ളൊരാപ്പുല്ലവാംഗി

അങ്ങുനിന്നേറുവാനുള്ളൊരു കോവണി
തിങ്ങുമുത്സാഹത്താൽ തേടുകയായ്.

തത്തിരുപ്പാദങ്ങൾ മുത്തുവാനാഗ്രഹ-
മുൾത്തടത്തിങ്കലുദിച്ചുയർന്നു.

വാരുറ്റ തൂമണം തൂകുമൊരു തൈല-
മാരമ്യരൂപിണി വാങ്ങിവെച്ചു.

കാത്തിരുന്നാളതി ജാഗ്രതയിൽ പരി-
ശുദ്ധ പാദത്തിലർപ്പിച്ചീടുവാൻ.

www.malankaralibrary.com



# VIII
# ശീമോൻെറ വിരുന്ന്.

പട്ടണവാസിയാം കുഷ്ഠരോഗി ശീമോൻ
ശിഷ്ടനാമേശുവെ സൽക്കരിപ്പാൻ

മൃഷ്ടാന്നമേശയെ തുഷ്ട്യാചമയ്ക്കുന്ന
വട്ടങ്ങൾ കൂട്ടുകയായിരുന്നു.

പണ്ടൊരു കാലത്തിലിസ്രായേൽ ജാതികൾ
കണ്ടായ സഞ്ചാര മദ്ധ്യത്തിങ്കൽ

പത്തുന്നൂറായിരം പേർക്കുള്ള ഭക്ഷണ-
വസ്തുക്കളെക്കാട്ടിൽ ശേഖരിച്ച

കന്യാതനുജനെ മാനിപ്പാനൊരു വി-
രുന്നിനു തൽക്ഷണമാളയച്ചു.

ഇട്ടു പാത്രങ്ങളിൽ സ്വാദുഭോജ്യങ്ങൾ താൻ
പട്ടുവിരിപ്പെഴും മേശയിന്മേൽ

വട്ടത്തിൽ വസ്തികളൊക്കെയും വെച്ചാശു-
വട്ടമേശയ്ക്കു സമീപമെത്തി.

നാലായിരത്തിനുമയ്യായിരത്തിനും
കാലോചിതം സദ്യ നൽകിയോനെ-

വാരണം തൊട്ടുള്ള ജീവിവർഗ്ഗങ്ങളെ
പാരിതിൽ പോററുന്ന തമ്പുരാനെ

കൂട്ടരോടൊപ്പം വിളിച്ചിരുത്തിപ്പിന്നെ
ചട്ടംപോൽ പീഠത്തിൽ വന്നിരുന്നാൻ

www.malankaralibrary.com



പിച്ചകപ്പൂക്കെട്ടു വെച്ചുള്ള താലങ്ങൾ
വച്ചൊരു ശുമണം ശുകംപോലെ.

പച്ചവെള്ളത്തെ മികച്ചവീഞ്ഞാക്കിയ
തച്ചപണിക്കാരൻ തൻകുമാരൻ

ശീമോൻെറ വന്മേട തന്നിലെ ശാലയിൽ
സീമയററുള്ള സുഗന്ധമേകി.

ഭാനുമരീചികളേററുഭയത്തിങ്കൽ
താനെ വിരിയും ചെന്താരുപോലെ

യേശുമിശിഹതാൻ ഭോജനപ്പന്തിയെ
യാശീർവ്വദിച്ചതിമോദമേകി.

നിത്യസംതൃപ്തനാമീശനവരോടൊ-
ത്തത്താഴമുണ്ടു സുഖിച്ചിരിക്കെ;

നാട്ടിൽപ്രമാണിയാം ശീമോൻ പരീശൻതാൻ
കാട്ടിയ സൽക്കാരം നന്ദിയോടെ.

പാട്ടിൽപറഞ്ഞങ്ങാ വീട്ടിലുള്ളോരെത്തൻ
മട്ടിൽ മയക്കുന്ന നേരത്തപ്പോൾ

കാട്ടുന്ന സമ്മാനം കിട്ടുന്നതോർത്തുകൊ-
ണ്ടൊട്ടും മടിക്കാതെ തന്നാനനം

വട്ടമില്ലാതങ്ങു കാട്ടിമയക്കുന്ന
പുഷ്ടനിതംബിനി മെല്ലെമെല്ലെ

തട്ടിൻമുകളേറി കർത്തൃപദാന്തത്തിൽ
കേട്ടിരുന്നാൾ തിരുവായ്മൊഴികൾ.

www.malankaralibrary.com



# VIII

## മഗ്ദലനാമേരിയുടെ മാനസാന്തരം.

മഗ്ദലേനയെന്നായോഷയെ കാൺകയാൽ
സത്യേശനുൾപ്രീതിയാർന്ന മൂലം

വേദമണികളെ കോർത്തുഗുരുവരൻ
തത്വബോധമവൾക്കേകിയപ്പോൾ.

മംഗലരൂപനാമേശുവിൻ രൂപത്തി-
ലംഗനാമെല്ലൊന്നു നോക്കിയാറെ,

മങ്ങിയവൾക്കുള്ള സൌന്ദര്യമൊക്കെയും
പൊങ്ങിയ മട്ടത്ത് താണുപോയി.

ക്രിസ്തോപദേശങ്ങളത്തന്വംഗിയാളതി-
ശ്രദ്ധയോടല്പമായ് കേട്ടനേരം

ചിത്തംകലങ്ങിത്തുടങ്ങി നിരാശയോ-
ടത്തൽനിറഞ്ഞുടനാസ്യം വാടി.

സത്യം വെടിഞ്ഞതൻ ദുഷ്കർമ്മങ്ങൾ തീവ്ര-
വേദനയാലുദിച്ചുള്ളിൽപ്പൊങ്ങി

അർക്കനുദിക്കുമ്പോൾ പൊയ്കയിൽ താമര-
പ്പൂക്കൾവിരിയുന്ന മട്ടിലപ്പോൾ.

ഏശുവിൻ തത്വോപദേശപ്പൊൻ കാന്തിയാ
വേശ്യതൻ ചിത്തത്തിലേററ നേരം

പാപക്കരിങ്കൂരിരുട്ടകന്നങ്ങിതാ
ശോഭന ചിന്തകളുൽഗമിച്ചു!

www.malankaralibrary.com



# IX
## അവളുടെ മനോവേദന

ചാരിത്ര ഭംഗവും ദുസ്തപ്പും മഹാ-
ക്രൂരതയേറുന്ന പാതകവും

മാമകജീവിത മാമയക്കുണ്ടിലേ-
ക്കാപതിപ്പിച്ചല്ലോ കഷ്ടം! കഷ്ടം!!

മൃത്യുവരുത്തിടും സപ്പവിഷമിതി-
ന്നോത്തുനോക്കുമ്പോഠം ദുഷ്ക്കീത്തിയാളം,

ചത്തുപോയാലും ജനങ്ങളുരച്ചീടു-
മത്തലേററീടുമാ ദുഷ്ക്കീത്തിയും.

അയ്യോ! വിനാശത്തിൻ വിത്തുവിതച്ചുഞാൻ
പൊയ്യല്ലേ, മാമക വംശത്തിന്നും!

എന്നിത്തരമാഗണികയുഠംക്കാമ്പതിൽ
ഖിന്നതയോടെ നിനച്ചുകൊണ്ടും.

അണ്ണാക്കുണങ്ങിയും കണ്ണിണമങ്ങിയും
കണ്ണാരപ്പക്ഷിപോലെച്ചിലച്ചും

ചണ്ഡാംശുരശ്മിയാൽ വെണ്ണയുരുകുന്ന
വണ്ണമവഠംമനോ വേദനയാൽ

കണ്ണീർചൊരിഞ്ഞും പൂവാനനം വാടിയും
പൊന്നീശോ തൻ കഴൽ മുത്തിമുത്തി,

തണ്ണീരൊഴുകും പോലത്തൃപ്പാദാംബുജേ-
തിണ്ണമവഠം കണ്ണീരേററിയേററി.

www.malankaralibrary.com



ചിന്നിയ വാർക്കുന്തൽ കെട്ടഴിച്ചപ്പാദ-
മന്നേരം മെല്ലവെയൊപ്പിയൊപ്പി,
ഉണ്ണികൾ വാവിട്ടലറുന്ന മട്ടവ-
ളെണ്ണിക്കരഞ്ഞാളനുതാപത്താൽ.

കണ്ണത്തിനാനന്ദമല്ലെങ്കിലുമിതു
നിർണ്ണയം കന്മഷ മുക്തിമാർഗ്ഗം.
തങ്കലനുതാപത്തിയ്യേറവുരുകിലോ
പങ്കില മാനസം ശുദ്ധമാക്കു!

പാപക്കരിഞ്ചേറിലാണ്ടൊരീ ജീവിത-
മിപ്പുതുബാഷ്പത്താൽ മൃഷ്ടമാകെ;
വെൺകതിർക്കന്ദളം വീശുമാറങ്ങെങ്ങു-
മങ്കുരിച്ചീടുന്നു ഭാവുകങ്ങൾ.

## X
## അവൾ തൃപ്പാദത്തിൽ
## തൈലാഭിഷേകം ചെയ്യുന്നതു്.

പെട്ടെന്നവൾ നല്ല പട്ടിൽപൊതിഞ്ഞ വി-
ശിഷ്ടമായുള്ള സുഗന്ധതൈലം.
കുപ്പിയെടുത്തവൾ വായ്ത്തലപൊട്ടിച്ച-
ത്തൃപ്പാദപത്മത്തിൽ പൂശുകയായ്.

തൈലാഭിഷേകത്താലാർദ്രമത്തൃപ്പാദ-
മാലോലമത്തളിർ ചുണ്ടിണയാൽ
ചുംബിച്ചുചുംബിച്ചു നില്ക്കയായ്ക്കാരുണ്യ-
സമ്പൂർണ്ണൻ തന്നുടെയാശിസ്സിന്നായ്

www.malankaralibrary.com



"ദുഷ്ക്കർമ്മം ചെയ്തോരിപ്പാപിനിയാമെന്നെ–
ത്തൃക്കൺപാർത്തീടാനായ്ക്കൈ തൊഴുന്നേൻ.
കുട്ടിപോൽ മാലകത്തട്ടിലൊതുങ്ങാതെ
പൊട്ടിക്കരഞ്ഞൊരപ്പാവനാംഗി;
ഏറുമനുശയ വജ്രപാതത്തിനാൽ
നീറും തൻ ഹൃത്തിലെ ചിന്തകളാൽ
കൂറെഴുമീശനിലാർദ്രതാമാധുരി–
യൂറും മട്ടിത്തരമോതുകയായ്.

## XI

## അവളുടെ പശ്ചാത്താപം.

"ഹാ! ഹാ! മഹേശാ! മൽദ്ദേഹം വിറക്കുന്നു!
ദേഹിയുഴന്നു വശംകെടുന്നു!
പാഹിമാം, പാഹിമാം ദീനബന്ധോ മഹാ–
പാപിനിയാമെന്നെ രക്ഷിച്ചാലും!
ഭൂതലവാസികൾക്കാപത്തു് തീർപ്പാനായ്
ജാതനായുള്ളോരെൻ തമ്പുരാനെ!
ദുഷ്ക്കർമ്മജാലത്താൽ ഞാൻ പാപിനിയെന്നെ–
ത്തൃക്കൺപാർത്തീടാനായ്ക്കൈതൊഴുന്നേൻ!
പാരമഹങ്കരിച്ചോരോ വിലാസത്താ–
ലാരൂഢദർപ്പം ഞാൻ കേളിയാടി.
അന്നതിൻജാലത്താൽ മോഹിതയായഞാ–
നിന്നിതാ പാശ്ചാത്തപിച്ചീടുന്നു.

www.malankaralibrary.com



ആർത്തയാമെന്നുടെ നിഗ്രഹാനുഗ്രഹ-
കർത്താവെന്നോർത്തിതാ കുമ്പിടുന്നു!

സത്യസ്വരൂപനേ! മർത്ത്യകുമാരനേ!
ഇദ്ദോഷം പോക്കിയനുഗ്രഹിക്ക!

മുമ്പൊരു വേശ്യയെ വമ്പരായോർതിരു-
മുമ്പിൽ വരുത്തി ദുഷിച്ചനേരം.

കല്ലെറിയാതവൾക്കന്നു് മുക്തികൊടുത്ത
തമ്പുരാനെന്നെയും രക്ഷിക്കണേ!

കേവലം പാപികളേവരേയും പരി-
പാവനരാക്കുന്ന ദീനബന്ധോ!

അന്തമററുള്ളോരെൻ ദോഷങ്ങളൊക്കയും
സന്തതം തീർത്തെന്നെ കാത്തീടണേ.

ദാഹിച്ചുതൃപ്പദം സേവിച്ചുകൊൾവാനായ്
മോഹിച്ചുവന്നോളെ കൈവിടൊല്ലേ!

മാനവരിൽ വരുമേതു പാപങ്ങളും
വാനോക്ധിപതി പോക്കുംപോലെ.

ദീനരിൽ ദീനയാമെന്നിൽക്കനിഞ്ഞെൻറ
മാനഭംഗത്തേയും നീക്കിടേണെ!

കുഷ്ഠരോഗി, പക്ഷവാതകിയെന്നിവർ
മുട്ടി നിൻ വാതില്ക്കലക്ഷണം നീ

നീട്ടിയ തൃക്കയ്യാലാശ്വാസമേകിനാൻ
നീട്ടേണമാശ്വാസ ഹസ്തമെന്നിൽ

www.malankaralibrary.com



കാണാതെ പോയതാമെട്ടിൽ കിടാവിനെ
കാൺവാൻ തേടുമജപാലകം!

അങ്ങേ വെടിഞ്ഞതി ദൂരത്തീ വൻകാട്ടിൽ
തങ്ങിയോരീയാട്ടിൻ കുഞ്ഞിനേയും.

ഉൾക്കനിവാന്നൊന്നു തേടിപ്പിടിച്ചുടൻ
തൃക്കഴൽത്താരിലണച്ചിടേണെ!

ഭാരം വഹിച്ചു വലഞ്ഞ പഥികൾക്ക്
പാരമത്താണിയായ് തീരുവോനെ!

നേരുകേടിൻ ചുമടേററിത്തളർന്നോരീ-
നാരിതൻ ഭാരമിറക്കിടേണെ!

പാപി മൃതിപ്പെടാനാഗ്രഹമില്ലനു-
താപവഴിക്കവർ വന്നിടേണം.

എന്ന തിരുമൊഴി കേട്ടിതാ പാപിനി
വന്നു കേഴുന്നു തൃക്കാലിണയിൽ!

എൻകരൾക്കുള്ളിലെ പങ്കമകററുവാൻ
നിൻ കൃപാമാരി ചൊരിഞ്ഞിടേണെ!

നിൻ തിരുസ്നേഹമാമെണ്ണയുമല്പമായ്
തന്നാലുമെന്നാത്മശുദ്ധിക്കായി.

ദാഹിക്കുന്നോർക്കുയിർ ജീവനം നൽകും പൈ-
ദാഹഹര! നിത്യ ജീവബന്ധോ!

തിണ്ണമിത്തൃഷ്ണതൻച്ചെന്തീയിൽ നീറുമെ-
ന്നുണ്ണാക്കിൽ തണ്ണീരൊഴുക്കിയാലും.

www.malankaralibrary.com



"കാകാ"കരയുന്ന കാകൻതൻ കുഞ്ഞിൻെറ
ശോകാരവത്തിൽ കനിവുള്ളോനെ!

കൂവിക്കരയുമിന്നാരിതൻ വ്യാകുലം
ദേവാ! കടാക്ഷിച്ചുപോക്കിടേണം.

വന്മായകല്ലോലം തല്ലിമറിയുമീ-
ക്കന്മഷവാരിധി തൻ നടുവിൽ

കാററും പിശറും വന്നേററാഴമിത്തോണി
യേററിയാലും, കരയ്ക്കാത്മബന്ധോ!

ലോകരഹസ്യങ്ങളേതുമറിയാതെ-
യാകുലഭാവമിയന്നിടാതെ.

മുഗ്ദ്ധമാമെൻ മനം പ്രാപഞ്ചികേച്ഛതൻ
ദഗ്ദ്ധസ്വരൂപത്തിൽ വിശ്വസിച്ചു.

നേർവഴി തേടുവാൻ ബുദ്ധിയില്ലാത്തൊരെൻ
ജീവിതപ്പൂമലർ വാടിയന്നാഠം

മോഹനയൗവ്വന വാസന്തകാന്തിയാൽ
മോഹദമായിപ്പുരിലസിക്കെ;

മാമകമോഹനപ്പൂന്തേൻ നുകരുവാൻ
ഹാ! മധുപങ്ങളുടുത്തുകൂടി!

കാമത്തിൻ കോമരം തുള്ളമാ ധൂർത്തരാം
കാമുകന്മാരവർ മേല്ക്കുമേലെ.

വഞ്ചനയാണിതെന്നോർക്കാതെ സസ്പൃഹം
കാഞ്ചനവർഷം പൊഴിച്ചുനിത്യം.

www.malankaralibrary.com



ദാരിദ്ര്യപീഡയാൽ വാടുമെൻമെയ്‌വല്ലി
പാരം കുളിർപ്പിക്കയായിരുന്നു.

ഭോഗപരായണരാകുമക്കൂട്ടർതൻ
ഭാഗധേയത്തിടമ്പാകുമെന്നെ

നാനാപദാനങ്ങളോതി സ്തുതിക്കവെ,
ഞാനൊരു ദേവതയായുയർന്നു.

നാനാവിധൈശ്വര്യസമ്പത്സമൃദ്ധിയും
സാനന്ദമെൻകാൽക്കൽ കാഴ്ചവെക്കേ,

ഞാനവർക്കേവർക്കുമാരാദ്ധ്യയാം കൊച്ചു
റാണിയായേററം ഞെളിഞ്ഞിരുന്നു!

ഹാ! കഷ്ടമെന്മനമപ്പുറംപൂച്ചിനാ-
ലാകൃഷ്ടമായി ഭ്രമിച്ചുനില്ക്കേ;

മഞ്ജുളകാഞ്ചനക്കുന്നിൻതിളക്കത്തിൽ
മഞ്ഞളിച്ചെൻ മിഴി ശൂന്യമായി!

ആശതൻ മായികഹസ്തത്താൽ വീശിയ,
പേശലഭൗതികപിഞ്ഛികയാൽ

ആശുവശീകൃതഞാനിതിൻ വാസ്തവം
യേശുമഹേശനേ! ഓർത്തതില്ല

പാരിത്രകാലവും രക്ഷിച്ചപോന്നൊരി-
ച്ചാരിത്രദേവിയെ ഞാൻ മനസ്സിൽ

നാരിതൻ സ്വർഗ്ഗകവാടമടയ്ക്കുന്ന
ദാരിദ്ര്യഭൂതമെന്നോർത്തിരുന്നു!

www.malankaralibrary.com



മാലോകരാചരിച്ചീടും സദാചാര-
ജാലങ്ങളോരോന്നുമെൻ മനസ്സിൽ
ജീവിതം പാരതന്ത്ര്യത്തിലടയ്ക്കുന്ന
പാഴ്മുള്ളുവേലിയായ്ത്തീർന്നിരുന്നു!

ഈശനെന്നുള്ള രണ്ടക്ഷരമന്നെന്റെ
യാശതൻ കോടാലിയായിരുന്നു!

ഇന്നിതാ താവക തത്വോപദേശത്തി-
ലൂന്നിടും ത്തുവമൃതാസ്വാദിക്കേ;

ദിവ്യചൈതന്യമൊന്നെന്മിഴി രണ്ടിലും
നവ്യപ്രകാശമണച്ചിടുന്നു.

ഭൂതത്തിലമ്മിഴികൊണ്ടു ഞാൻ നോക്കുമ്പോ-
ളാപത്തൊഴിഞ്ഞൊന്നും കാണ്മതില്ല.

മാമകജീവിതമേതോ പിശാചൊരു
വ്യാമോഹക്കുണ്ടിലേക്കാഴ്ത്തിവിട്ടു.

അച്ചളിക്കുണ്ടിൽനിന്നേറുവാൻ താവക-
തൃക്കരങ്ങളാം താനാശ്രയമേ!

നശ്വരമാം മലർച്ചെണ്ടുപോൽ വാടുമീ
വിശ്വപ്രതാപം ഞാൻ കൈവിടുമ്പോൾ

ഭഗ്നാശയായിട്ടുമെന്നല്ല ഘോരമാ-
മഗ്നിക്കിരയായും തീരുമേ ഞാൻ!

താന്താൻ വിതച്ചതു താന്താനരിയണ-
മെന്താകിലുമിതിങ്ങോർത്തിടുമ്പോൾ

www.malankaralibrary.com



ഹന്തമൽചേഷ്ടിതങ്ങൾക്കുള്ള ശിക്ഷതൻ
സന്താപമെങ്ങനെ പേറുമീ ഞാൻ!

അക്രമമായൊന്നും യാചിക്കുന്നില്ലീ ചാ-
രിത്രദോഷങ്ങൾ പൊറുത്താൽ മതി!

വയ്യാവേലിയാകും മാമകപാപങ്ങൾ
നിയ്യല്ലാതാരും ഹാ! തീർപ്പതില്ല.

കേഴുന്ന പാപികൾക്കേകുന്ന തൃക്കര-
മേഴയാകുമെനിക്കേകിയാലും

കുററമൊഴിയുവാനേററവുമുത്തമ
മേററുപറയലാം ദിവ്യമാർഗ്ഗം.

എന്നു നിനച്ചിതാ നിൻതിരുപാദത്തിൽ
വന്നേററു ചൊല്ലുന്നേൻ ലംഘനങ്ങൾ!

കർത്താവേ! പാപികൾക്കാധാരമായ നീ
തീർത്താലുമെൻ മഹാ പാതകങ്ങൾ!

നിർഗ്ഗതപുണ്യയായ് തീർന്നൊരു പാപിനി
സ്വർഗ്ഗസംപ്രാപ്തിക്കനർഹയല്ലോ!

പാപത്താൽ പങ്കിലമെൻമനമീശ്വര-
പാദം സ്മരിക്കുന്നു: കൈവിടല്ലേ!

നിന്മകളായെന്നെയോർക്കണേ! നിൻഗൃഹ-
കർമ്മകാരിയായിട്ടെണ്ണിടണേ!

എന്നുടെ മാലിന്യം മാർജ്ജനം ചെയ്യാനായ്
കണ്ണുനീർ കാണിക്കവെയ്ക്കുന്നേൻ ഞാൻ.

www.malankaralibrary.com



എണ്ണപൂശുന്നതും കൈക്കൊൾക വേണമേ!
തിണ്ണമിയെന്നിൽ പ്രസാദിക്കണേ!

രക്ഷിക്ക! രക്ഷിക്ക! രക്ഷക! താവക-
രക്ഷയിൽ വാഴ്‌വാൻ കൊതിപ്പോരെന്നെ

മോക്ഷദനങ്ങുന്നരുളിയ വായ്മൊഴി
യക്ഷരംതോറുമനുഷ്ഠിപ്പേൻ ഞാൻ.

## ശ്രീയേശു
## അവളെ ആശീർവ്വദിക്കുന്നതു്.

ഏവംവിധമേറ്റം നോവെഴുമർത്ഥന
ദേവനനല്പമായ് കേട്ടളവിൽ

ഭാവംപകർന്നുതൻ ദേഹം കുളുർന്നുടൻ
ഗേഹത്തിലുള്ളവർ കേൾക്കുംവണ്ണം.

കാഹളനാദത്താൽ ഓതിനാൻ ശ്രീയേശു
“മോഹന ശീലേ! നീയാശ്വസിക്കു!

പാപങ്ങളൊട്ടേറെ നീ ചെയ്തുവെന്നാലു-
മിപ്പശ്ചാത്താപമതെല്ലാം തീർത്തു.

കാമിനി! താവക ചുംബനമേറ്റുഞാൻ
ഉന്മണം ഉൾക്കുമിത്തൈലപൂരം.

താവകബാഷ്പത്താൽ ക്ഷാളിതമാകും നിൻ
പാവനാത്മാവിൽ സുഗന്ധം പൂശി!

www.malankaralibrary.com



ഭള്ളക്കൂടാതെ നീ ചൊല്ലിയ പാപങ്ങ-
ളുള്ളതിലേറെയും ഞാൻ ഗ്രഹിച്ചേൻ.

പാരമജ്ഞാനത്താലോരോജനങ്ങളു-
മേറെ വൻപാപങ്ങൾ ചെയ്തിടുന്നു.

ആയതമായൊരപ്പാപത്തിൻ ശൃംഖല-
യ്ക്കായാസമേറുന്നു ദുർമ്മദത്താൽ.

മാനസശുദ്ധിയോടീശനെ ധ്യാനിച്ചാൽ
നൂനമപ്പാപങ്ങൾ വിട്ടുപോകും.

ചിന്തയും വാക്കും തൻ കർമ്മവും നന്നാകി-
ലെന്തുമെവനും സുലഭമല്ലോ.

ശുദ്ധമാം ചിത്തത്തിലാത്മൈക്യമാർന്നവ-
ർക്കദ്ധ്യാത്മരൂപം തെളിഞ്ഞുകാണാം.

തെല്ലും ഭയന്നിടായ്കിന്നു നിൻ പാപങ്ങ-
ളെല്ലാററിനും മാപ്പു ഞാൻ തരുന്നേൻ

താവകസ്നേഹവും ജീവിത ശോകവും
പാവനമാക്കും നിൻ പ്രാർത്ഥനയും.

ഭാവിയിൽ നന്മയും മേന്മയുമേകി നിൻ
ജീവിതം ഭാവുക പൂർണ്ണമാക്കും.

സമാപ്തം.

www.malankaralibrary.com

MALANKARA
LIBRARY